*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

197th Issue - Volume 5, No. 31 **ജാഗ്രത** 12th August 2011

" യേശുവും ശിഷ്യൻമാരും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു. അവിടെ വീഞ്ഞു തീർന്നു പോയപ്പോൾ യേശുവിന്റെ അമ്മ അവനോടു പറഞ്ഞു : അവർക്കു വീഞ്ഞില്ല. യേശു അവളോടു പറഞ്ഞു: സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല. അവന്റെ അമ്മ പരിചാരകരോട് പറഞ്ഞു: അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ."

(യോഹന്നാൻ 2-2 ; 6)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil



Mary the Blessed Mother

## പ്രധാന വാർത്തകൾ

പള്ളിമണികളുടെ റിംഗ്ടോൺ ഉയർത്തി പരിശുദ്ധപിതാവിനെ യുവജനങ്ങൾ സ്വീകരിക്കും.

അമേരിക്കക്കാർ വേൾഡ് ട്രേഡ് സെന്ററിന്റെ സ്ഥലത്ത് കുരിശുപ്രതിഷ്ഠിച്ചതിനെ അനുകൂലിക്കുന്നു.

ഇന്ത്യയിൽ നിന്നും 1732 യുവജനങ്ങൾ ലോകയുവജനദിനത്തിൽ പങ്കെടുക്കും.

മതം രാഷ്ട്രീയത്തെ ശുദ്ധീകരിക്കുന്നു; കർദ്ദിനാൾ ബുർകെ

ആർച്ച്ബിഷപ് ഡോ. കൊർണേലിയൂസ് ദിവംഗതനായി

**SILENCE ALLOWS PEOPLE TO HEAR GOD, POPE SAYS**

## ചരിത്ര ജാഗ്രത

അർണ്ണോസുപാതിരി

## ജാഗ്രതാ വാർത്ത

നീതി ലഭിക്കാത്ത കായൽ രാജാവ്

## വാരാന്ത്യവീക്ഷണം

സ്വകാര്യ മേഖല പാപകരമോ

## പള്ളിമണികളുടെ റിംഗ്ടോൺ ഉയർത്തി പരിശുദ്ധപിതാവിനെ യുവജനങ്ങൾ സ്വീകരിക്കും.

ലോകയുവജനദിനത്തിൽ പങ്കെടുക്കാനെത്തുന്ന പരിശുദ്ധപിതാവ് ബനഡിക്റ്റ് 16-ാമൻ മാർപ്പാപ്പയെ പള്ളിമണികളുടെ റിംഗ്ടോൺ ഉപയോഗിച്ച് യുവജനങ്ങൾ സ്വാഗതാന്തരീഷം സൃഷ്ടിക്കും. പങ്കെടുക്കുന്ന എല്ലാവർക്കും തങ്ങളുടെ മൊബൈൽ ഫോണിൽ ഈ പള്ളിമണിയുടെ റിംഗ്ടോൺ ഡൗൺലോഡ് ചെയ്യാനുള്ള സാദ്ധ്യതകൾ സൃഷ്ടിച്ചു കൊണ്ടാണ് സംഘാടകസമിതി കൗതുക കരമായ നീക്കം നടത്തിയിരിക്കുന്നത്.

ഓഗസ്റ്റ് 18-ാം തീയതി പരിശുദ്ധ പിതാവ് മാഡ്രിഡിലെ അൽക്കാലാ ഗേറ്റ് കടക്കുമ്പോൾ മാഡ്രിഡിലെ എല്ലാ ദൈവാലയമണികളും ഒരുമിച്ച് അടിക്കും. അതിനോട് ചേർന്നാണ് ഏതാണ്ട്20 ലക്ഷം യുവജനങ്ങളും പള്ളിമണികളുടെസ്വരംസൃഷ്ടിച്ച് പരിശുദ്ധപിതാവിനെ സ്വാഗതം ചെയ്യുന്നത്.

ബനഡിക്റ്റ് 16-ാമൻ മാർപ്പാപ്പ ഓഗസ്റ്റ് 18-ാം തീയതി കാലത്തു 7.15 നാണ് മാഡ്രിഡിലെ ചരിത്രപ്രസിദ്ധമായ അഞ്ചുകവാടങ്ങളിൽ പ്രശസ്തമായ അൽകാലാ ഗേറ്റ് കടക്കുക. എല്ലാ ഭൂഖണ്ഡങ്ങളിലുമുള്ള യുവജനപ്രതിനിധികൾ അദ്ദേഹത്തെ ഈ ചരിത്രമുഹുർത്തത്തിൽ അനുധാവനം ചെയ്യും.

## അമേരിക്കക്കാർ വേൾഡ് ട്രേഡ് സെന്ററിന്റെ സ്ഥലത്ത് കുരിശുപ്രതിഷ്ഠിച്ചതിനെ അനുകൂലിക്കുന്നു.

എഴുപത്തിരണ്ടു ശതമാനം അമേരിക്കക്കാരും വേൾഡ് ട്രേഡ് സെന്ററിന്റെ സ്ഥലത്ത് കുരിശു പ്രതിഷ്ഠിച്ചതിനെ അനുകൂലിക്കുന്നുവെന്ന് സർവ്വേകൾ വെളിപ്പെടുത്തുന്നു. ഏതാണ്ട് 10% പേർ മാത്രമാണ് അതിനെ എതിർക്കുന്നത്.

തകർന്ന വേൾഡ് ട്രേഡ് സെന്ററിൽ നിന്നും കണ്ടെത്തിയ 20 അടി നീളമുള്ള ഇരുമ്പു ബീം രൂപപ്പെട്ട കുരിശാണ് ഇവിടെ പ്രതിഷ്ടിച്ചിരിക്കുന്നത്. ഏതാണ്ട് 3000 പേർ മരിച്ച ട്രേഡ് സെന്റർ അക്രമത്തിനുശേഷം അമേരിക്കൻ ജനതയുടെ ദുഃഖത്തിന്റെയും പ്രതീക്ഷ യുടെയും പ്രതീകമായി ഈ കുരിശ് നിലനിന്നു വരികയാണ്.

ഈ കുരിശ് അക്രമത്തിൽ മരിച്ചവരുടെ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും സമാശ്വാസവും പ്രതീക്ഷയും നല്കുന്നുവെന്ന് ഫാ. ബ്രിയാൻ ജോർദ്ദാൻ ഒ. എഫ്. എം. കരിശു വെഞ്ചിരിച്ചുകൊണ്ട് പ്രസ്താവിച്ചു. നിരീശ്വരവാദികൾ കുരിശ് ഉയർത്തുന്നതിനെതിരെ രംഗത്തു വന്നിരുന്നു. ഈ സാഹചര്യത്തിൽ നടത്തിയ സർവ്വേ യാണ് ഇക്കാര്യം വെളിപ്പെടുത്തിയത്.

## ഇന്ത്യയിൽ നിന്നും 1732 യുവജനങ്ങൾ ലോകയുവജനദിനത്തിൽ പങ്കെടുക്കും.

ഏതാണ്ട് ഇരുപതുലക്ഷം പേരെ പ്രതീക്ഷിക്കുന്ന ലോകയുവജനദിനത്തിൽ ഇന്ത്യയിൽ നിന്നും 1732 യുവജനങ്ങൾ പങ്കെടുക്കും. മുംബൈയിൽ നിന്നും യാത്രതിരിക്കുന്ന ഇവർ റോമും ലൂർദ്ദും സന്ദർശിക്കും. യാത്രക്കുള്ള അവസാന വട്ട തയ്യാറെടുപ്പിലാണ് ഈ യുവജനങ്ങൾ.

യുവജനദിനത്തിൽ പങ്കെടുക്കാൻ കത്തോലിക്കാ യുവജനങ്ങൾ വളരെ ഏറെ ആവേശം കാണിക്കുന്നുണ്ടെന്നു കണക്കുകൾ കാണിക്കുന്നു. ഇറ്റലിയിൽ നിന്നും 86000 പേരും സ്പെയിനിൽ നിന്ന് 82000 പേരും പാക്കിസ്ഥാ നിൽനിന്നും 3474പേരും സിറിയയിൽ നിന്നും 636 പേരും ചൈനയിൽ നിന്ന് 328 പേരും ഈജിപ്തിൽ നിന്ന് 451 പേരും ലിബിയയിൽ നിന്നും 60 പേരും സമ്മേളനത്തിൽ പങ്കെടുക്കും.

## മതം രാഷ്ട്രീയത്തെ ശുദ്ധീകരിക്കുന്നു; കർദ്ദിനാൾ ബുർകെ

വത്തിക്കാന്റെ പരമോന്നത കോടതിയുടെ തലവൻ കർദ്ദിനാൾ റെയ്മൊണ്ട് ബുർകെ സമൂഹത്തിൽ നിന്നും മതത്തെ മാറ്റി നിർത്തിയാൽ രാഷ്ട്രീയനേതാക്കൾ പൗരന്മാരുടെ അടിസ്ഥാന അവകാശങ്ങൾ നിഷേധിക്കുന്നവരായി മാറാം എന്ന് പ്രസ്താവിച്ചു.

എല്ലാ രാജ്യങ്ങളും മതസ്വാതന്ത്ര്യം ഉറപ്പു വരുത്തണം. അത് പൊതുനന്മക്കുവേണ്ടി മത വിശ്വാസ ങ്ങൾ പഠിപ്പിക്കുന്നതിലും അനുഷ്ടിക്കുന്നതിലും അടങ്ങിയിരിക്കുന്നു. രാഷ്ട്രീയ രംഗത്ത് യുക്തി വിശ്വാസംകൊണ്ട് ശുദ്ധിചെയ്യപ്പെടുന്നില്ലെങ്കിൽ രാഷ്ട്രീയ അധികാരം കൈയ്യാളുന്നവർ ജനങ്ങളുടെ അടിസ്ഥാന അവകാശം സംരക്ഷിക്കേണ്ടവർ എന്ന തിൽ നിന്നും അത് കവർന്നെടുക്കുന്നവരായി മാറാം. കർദ്ദിനാൾ ബുർകെ മുന്നറിയിപ്പു നല്കി.

കൊളറാഡോ കൺവൻഷൻ സെന്ററിൽ നടന്ന നൈറ്റ്സ് ഓഫ് കൊളമ്പസിന്റെ 129 മത് ഉന്നത സമിതി സമ്മേളനത്തിലാണ് കർദ്ദിനാൾ ബുർകെ ഈ വിലയിരുത്തൽ നടത്തിയത്.

വത്തിക്കാന്റെ അപ്പസ്തോലിക്ക് നിഗ് നാത്തൂം യുടെ തലവനാണ് കർദ്ദിനാൾ ബുർകെ.

## ആർച്ച്ബിഷപ് ഡോ. കൊർണേലിയൂസ് ദിവംഗതനായി

വരാപ്പുഴ അതിരൂപതയുടെ മുൻ ആർച്ച്ബിഷപ് ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കൽ ദിവംഗതനായി. ശ്വാസകോശസംബന്ധമായ അസുഖത്തെത്തുടർന്ന് എറണാകുളം ലൂർദ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന അദ്ദേഹത്തിന്റെ അന്ത്യം രാവിലെ 7.30ന് ആയിരുന്നു. 93 വയസായിരുന്നു.

ആശുപത്രിയിൽ പ്രവേശിപ്പിച്ച അദ്ദേഹത്തിന്റെ നില ഗുരുതരമായതിനെത്തുടർന്നു തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചു. വെന്റിലേറ്ററിന്റെ സഹായത്തോടെയായിരുന്നു ശ്വസനം. തുടർന്നു വൃക്കകളുടെ പ്രവർത്തനം നിലയ്ക്കുകയും ഹൃദയാഘാതത്തോടെ ദേഹവിയോഗം സംഭവിക്കുകയുമായിരുന്നുവെന്ന് ആശുപത്രി വൃത്തങ്ങൾ അറിയിച്ചു.

വരാപ്പുഴ മെത്രാപ്പോലീത്ത ഫ്രാൻസീസ് കല്ലറയ്ക്കലിന്റെ നേതൃത്വത്തിൽ പ്രാർഥനാശുശ്രൂഷ നടത്തിയശേഷം ഡോ. കൊർണേലിയൂസിന്റെ ഭൗതികദേഹം ലൂർദ് ആശുപത്രി മോർച്ചറിയിലേക്കു മാറ്റി. ഭൗതികദേഹം വിലാപയാത്രയായി എറണാകുളം സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രലിൽ എത്തി. ആർച്ച്ബിഷപ് കല്ലറയ്ക്കലിന്റെ മുഖ്യകാർമികത്വത്തിൽ വരാപ്പുഴ അതിരൂപതയിലെ വൈദികർ ദിവ്യബലി അർപ്പിച്ചു. വിലാപയാത്രയായി ഭൗതികശരീരം എറണാകുളം സെന്റ് ആൽബർട്ട്സ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽവച്ചു.

ദിവ്യബലിയിൽ സീറോ മ ല ബാർ സഭയുടെ മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരിയും, കേരളത്തിലെ ലത്തീൻ, സീറോ മലബാർ, മലങ്കര സഭകളിലെ മെത്രാന്മാർ ദിവ്യബലിയിൽ സഹകാർമികരായി. ദിവ്യബലിയെത്തുടർന്നു സീറോ മലങ്കര സഭാ മേജർ ആർച്ച്ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ, കെസിബിസി പ്രസിഡന്റ് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ അനുസ്മരണപ്രഭാഷണം നടത്തി.

ആർച്ച്ബിഷപ്പിന്റെ ഭൗതികശരീരം വിലാപയാത്രയായി ബാനർജിറോഡ്, ഷൺമുഖം റോഡ് കടന്ന് ബ്രോഡ്‌വേയിലെത്തി സെന്റ് ഫ്രാൻസീസ് അസീസി കത്തീഡ്രലിലെ ക്രിപ്റ്റിലേക്കു സംവ ഹിച്ചു കബറടക്കം നടത്തി.

നിത്യസഹായമാതാവിന്റെ നൊവേന ഗീതങ്ങളും കന്യകമാതാ സ്തുതികളും തിരുക്കർമ ഗീതങ്ങളും അന്ത്യശുശ്രൂഷാ ഗാനങ്ങളും ഉൾപ്പെടെ കേരളത്തിലെ ദേവാലയങ്ങളിലും ക്രൈസ്തവഭവനങ്ങളിലും ആലപിക്കപ്പെടുന്ന ധാരാളം വിഖ്യാത ഗാനങ്ങളുടെ രചയിതാവും കാനോൻ നിയമ വിദഗ്ധനും വേദാന്തചിന്തകനുമായിരുന്നു ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കൽ.

കൊടുങ്ങല്ലൂരിനടുത്തു കാരയിൽ വിശ്രുത വൈദ്യന്മാരുടെ പരമ്പരയിൽപ്പെട്ട ഇലഞ്ഞിക്കൽ കുഞ്ഞവര-ത്രേസ്യ ദമ്പതികളുടെ പത്തു മക്കളിൽ എട്ടാമനായി 1918 സെപ്റ്റംബർ എട്ടിനാണ് ഇട്ടിയവര (കൊർണേലിയൂസ് എന്നതു ജ്ഞാനസ്നാന പേരാണ്) ജനിച്ചത്. പൈതൃകത്തിന്റെ ഭാഗമായ വൈദ്യവും സംസ്കൃതവും ജീവിതത്തിലുടനീളം വലിയ സ്വാധീനം ചെലുത്തി.

റോമിലെ ഊർബൻ സർവകലാശാലയിൽ നിന്നു 'ബൃഹദാരണ്യക -ഛാന്ദോഗ്യോപ നിഷത്തുകളിലെ ദൈവാശയപരിണാമം' എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ അദ്ദേഹം സഭയുടെ കാനൻ നിയമത്തിലും ഡോക്ടറേറ്റ് സമ്പാദിച്ചു.

വരാപ്പുഴ അതിരൂപതയുടെ പ്രഥമ തദ്ദേശീയ മെത്രാപ്പോലീത്ത ഡോ.ജോസഫ് അട്ടിപ്പേറ്റി പ്രോവികാരി ജനറലായി നിയമിച്ച ഡോ.കൊർണേലിയൂസ് ഇലഞ്ഞിക്കൽ അട്ടിപ്പേറ്റിപ്പിതാവിന്റെ ദേഹവിയോഗത്തെത്തുടർന്ന് ഒരു വർഷം അതിരൂപതാ അഡ്മിനിസ്ട്രേറ്ററായിരുന്നു. 1971ൽ വിജയപുരം രൂപതയുടെ പ്രഥമ തദ്ദേശീയ മെത്രാനായി നിയമിതനായി. വിജയപുരം രൂപതയുടെ വികസനത്തിനായി 16 വർഷം അദ്ദേഹം സേവനം അനുഷ്ഠിച്ചു.

ആർച്ച്ബിഷപ് ഡോ.ജോസഫ് കേളന്തറ ദിവംഗതനായതിനെത്തുടർന്ന് 1987 മാർച്ച് 19ന് വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്തയായി നിയമിതനായ ഡോ. കൊർണേലിയൂസ് ഒൻപതു വർഷം കേരളത്തിലെ ലത്തീൻ കത്തോലിക്കാ ഹയരാർക്കിയുടെ അധ്യക്ഷനായിരുന്നു. വിരമിച്ച ശേഷം 1996 ഓഗസ്റ്റ് മുതൽ കാക്കനാട് അട്ടിപ്പേറ്റിനഗറിലെ വില്ല സൊക്കോർസോയിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

## അർണ്ണോസുപാതിരി

അർണ്ണോസുപാതിരി ജർമ്മൻകാരനാണ്. അദ്ദേഹത്തിന്റെ മുഴുവൻ പേര് ജോൺ ഏർണതൂലസ് ഹാങ് സൽഡൻ . കേരളം സന്ദർശിച്ച വിദേശപാതിരിമാരിൽ കവിത്വംകൊണ്ട് പ്രഥമഗണനീയനായി ശോഭിക്കുന്നത് അർണ്ണോസു പാതിരിയാണ്. അദ്ദേഹം മലയാളത്തിലും, സംസ്കൃതത്തിലും ഗ്രന്ഥരചന നടത്തി. സംസ്കൃതഭാഷയെപ്പറ്റി ലത്തീൻ ഭാഷയിലും ഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായി. കേരളത്തിലെ ക്രിസ്ത്യാനികൾക്ക് മതസംബന്ധമായ കൃതികൾ നല്കുന്നതിനാണ് അദ്ദേഹം പരിശ്രമിച്ചത്. പൗളിനോസുപാതിരിയുടെ കൃതികളിലൂടെയാണ് യൂറോപ്പിലുള്ളവർ അർണ്ണോസിന്റെ സാഹിത്യ പരിശ്രമങ്ങളേപ്പറ്റി അറിഞ്ഞത്.

**ഗ്രന്ഥഭാഷയുടെ വ്യാകരണം**

മലയാളം സംസ്കൃതഭാഷയുടെ വകഭേദമാണെന്നുള്ള വിശ്വാസത്തിൽ സംസ്കൃതരീതിയാണ് ഈ ഗ്രന്ഥത്തിൽ സ്വീകരിച്ചിട്ടുള്ളത്. സിദ്ധരൂപത്തെ അടിസ്ഥാനമാക്കി രചിച്ചിട്ടുള്ള ഈ കൃതി ഇതുവരെ കണ്ടുകിട്ടിയില്ല. അർണ്ണോസുപാതിരിയുടെ കൃതികളെപ്പറ്റി പൗലീനോസ് പാതിരി ലത്തീൻ ഭാഷ യിൽ എഴുതിയിട്ടുള്ള ഗ്രന്ഥത്തിൽനിന്നും ഈ വ്യാകരണ ഗ്രന്ഥം മഹത്തായ ഒരു കൃതിയാണെന്നറിയുന്നു.

**അർണ്ണോസുപാതിരിയുടെ കൃതികൾ**

1. മലയാളം- പോർത്തുഗീസ് നിഘണ്ടു, 2. മലയാള വ്യാകരണം,3. മലയാള നിഘണ്ടു-താ എന്ന അക്ഷരം വരെ, 4. ചതുരന്ത്യം, 5. പുത്തൻ പാന (മിശിഹാ ചരിതം), 6. ഉമ്മാപർവം, 7. വ്യകുലപ്രബന്ധം, 8. ആത്മാനുതാപം

1. വാസിഷ്ഠ സാരം, 2. ചില ഉപനിഷത്തുകൾ, 3. വേദാന്തസാരം, 4. അഷ്ടാവക്രഗീത, 5. യുധിഷ്ഠിര വിജയം

ഈ സംസ്കൃത കൃതികളെ അധികരിച്ച് ലത്തീൻ ഭാഷയിൽ കൃതികൾ രചിച്ചിട്ടുള്ളതായി അറിയുന്നു.

അർണ്ണോസുപാതിരി സംസ്കൃതത്തിലും മലയാളത്തിലും താൻ ക്ലേശിച്ചു സമ്പാദിച്ച പാണ്ഡിത്യം വ്യർത്ഥമാക്കിയില്ല.കേരളത്തിലെ ഹിന്ദുക്കൾക്കു രാമായണാദി കാവ്യങ്ങൾ പോലെ ക്രിസ്ത്യാനികൾക്കും ഭക്തി സംവർദ്ധകങ്ങളായ കാവ്യങ്ങൾ ആവശ്യമാണെന്ന് അദ്ദേഹത്തിനു തോന്നി. അതിന്റെ ഫലമായാണ് നിഘണ്ടു വ്യാകരണാദികൾ ഒഴികെയുള്ള ഗ്രന്ഥങ്ങൾ രചിച്ചത്.

മഹാകവി ഉള്ളൂർ സാഹിത്യ ചരിത്രത്തിൽ അർണ്ണോസിനെപ്പറ്റി ഇങ്ങനെ പ്രശംസിക്കുന്നു.

”മധ്യവയസ്സിൽ മാത്രം കേരളത്തിൽ വന്നു സംസ്കൃതവും മലയാളവും പഠിച്ച് ആ ഭാഷകളിൽ പ്രാവീണ്യം നേടി ഒട്ടനേകം ഗ്രന്ഥങ്ങൾ നിർമ്മിച്ചു കേരളത്തിന്റെ മഹിമ വിദേശങ്ങളിൽ വ്യാപരിപ്പിച്ച ഈ യൂറോപ്യൻ പാതിരി നമ്മുടെ ഹൃദയപൂർവ്വമായ അഭിനന്ദനത്തിനു സർവഥാ പാത്രീഭവിക്കുന്നു. ആദ്യമായി സംസ്കൃത ഭാഷയിൽ അനുപമമായ പാണ്ഡിത്യം സമ്പാദിച്ച യൂറോപ്യൻ അദ്ദേഹമാണെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ നിഘണ്ടു മുഴുവനാക്കിയതു കൊല്ലം (കൊല്ലവർഷം) പത്താം ശതകത്തിൽ ജീവിച്ചിരുന്ന ബിഷപ്പു പിമെന്റൽ ആണെന്നു കാണുന്നു”.

(കേരളസാഹിത്യചരിത്രം വാല്യം 4. പുറം 230)

## SILENCE ALLOWS PEOPLE TO HEAR GOD, POPE SAYS

-----------------------------------------------------------

CASTEL GANDOLFO, ITALY, August 10 (CNA/EWTN News)

We need to make time for silence in our lives if we are to pray and listen to God, said Pope Benedict XVI in his weekly general audience, August 10.

"Silence is the environment that best promotes recollection, listening to God, meditation," he told pilgrims gathered at his summer residence in the hilltop town of Castel Gandolfo, 15 miles south of Rome.

"The very fact that a taste of silence leaves us, so to speak, to 'fill' the silence predisposes us to prayer."

It is for this reason, noted the Pope, that monks and nuns have traditionally established their communities "in particularly beautiful places, in the countryside, in hills, in mountainous valleys, along lakes or seas, or even on small islands."

"These sites combine two very important elements for the contemplative life: the beauty of creation, which refers to that of the Creator, and the silence guaranteed by their remoteness from the cities and highways of communication."

The Pope charted the history of man's quest for God - and God's quest for man - conducted through silence and prayer.

From the Old Testament, he noted that God spoke to the prophet Elijah on Mount Sinai in "the gentle breeze" rather than through wind, earthquake or fire.

He then highlighted the thirteenth-century life of St. Clare of Assisi - whose feast day is tomorrow - observing how she created a community at San Damiano on the outskirts of Assisi, "living on prayer and small jobs."

"God speaks in silence, but you need to know how to listen," said the Pope. "For that, monasteries are oases in which God speaks to humanity; in them one finds the cloister, a symbolic place, because it is an enclosed space but open to the sky."

Hence, when we are "looking at things from a spiritual perspective," the spirit of monastic places actually provides the "backbone of the world!" he said. Pope Benedict suggested it was "no coincidence" that so many people, especially during times of rest, choose to stay for a few days in convents or monasteries, since "the soul, thank God, has its own needs!"

The Pope then concluded his address by pointing to the Virgin Mary as the person who can best"teach us to love silence and prayer." He finished the audience by leading pilgrims in the recitation of the Our Father and imparting his apostolic blessing.

## നീതി ലഭിക്കാത്ത കായൽ രാജാവ്

പ്രൊഫ. ജോസഫ് മാത്യു വള്ളിക്കാട്

കുട്ടനാട്ടിലെ കായൽനിലങ്ങളിലെ നെൽക്കൃഷിയുടെ പ്രത്യേകതയെപ്പറ്റി കുട്ടനാട്ടുകാർ അല്ലാത്തവർ അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ ഉണ്ട്. കടൽ നിരപ്പിൽ നിന്ന് ശരാശരി രണ്ട് മീറ്റർ താഴ്ന്നാണ് കുട്ടനാട് പ്രദേശം സ്ഥിതിചെയ്യുന്നത്. വേമ്പനാട്ടു കായലിൽ നെൽക്കൃഷി ആരംഭിക്കുന്നതിനുമുമ്പ് വെളിയിൽനിന്ന് കൃഷിക്കുവേണ്ടി കുട്ടനാട്ടിൽ വന്ന് താമസമാക്കിയ ഏതാനും ക്രിസ്ത്യൻ കുടുംബങ്ങളാണ് അവിടെ ആദ്യമായി നെൽക്കൃഷി നടത്തിയത്. അവർ സ്ഥലവാസികളായ ജന്മിമാരുടെ പക്കൽ നിന്ന് പാട്ടവ്യവസ്ഥയിൽ പാടശേഖരങ്ങൾ എടുത്ത് ചുറ്റും താത്കാലിക ബണ്ടുകൾ നിർമ്മിച്ച് ബണ്ടിനുള്ളിലെ വെള്ളം വറ്റിച്ചാണ് കൃഷി ഇറക്കിയിരുന്നത്.

ജന്മിമാരുടെ കൂട്ടത്തിൽ ബ്രാഹ്മണരും നായന്മാരും ഈഴവരും ഉണ്ടായിരുന്നു. വെള്ളം വറ്റിക്കാൻവേണ്ടി അക്കാലത്ത് എൻജിനുകളോ മോട്ടോറുകളോ ഒന്നുമില്ലായിരുന്നു. ബണ്ടിൽ പത്തായങ്ങൾ ഉറപ്പിച്ച് അവയ്ക്കുള്ളിൽ ചക്രങ്ങൾ പിടിപ്പിച്ച് തൊഴിലാളികൾ ചക്രം ചവിട്ടി ബണ്ടുകൾക്കുള്ളിൽനിന്ന് വെള്ളം വെളിയിലേക്ക് തള്ളിനീക്കിയാണ് നിലം കൃഷിക്കുവേണ്ടി ഒരുക്കിയിരുന്നത്.

19–ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണ് വേമ്പനാട്ട് കായലിൽ നെൽക്കൃഷി ആരംഭിച്ചത്. ഏറെ താമസിയാതെ വെള്ളം വറ്റിക്കുന്നതിനുള്ള എൻജിനുകൾ പ്രചാരത്തിൽവന്നു. എൻജിനുകൾ ഉപയോഗിച്ച് വെള്ളം വറ്റിക്കാൻ എളുപ്പമായപ്പോൾ കായൽനിലങ്ങൾ കുത്തിയെടു ക്കാൻ കൂടുതൽ കർഷകർ മുന്നോട്ടുവന്നു. പല കർഷകർ യോജിച്ചാണ് ഈ കായലുകൾ കുത്തിയെടുത്ത് കൃഷി നടത്തി യിരുന്നത്. 19–ാം നൂറ്റാണ്ടിന്റെ അവസാനകാലത്തും 20–ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലുമായി കുട്ടനാട്ടിലെ കായൽ നിലങ്ങൾ മിക്കതും കുത്തിയെടുത്തിരുന്നു.

പലർ യോജിച്ചുള്ള കായൽക്കൃഷി കുറേനാൾ മുന്നോട്ടുപോയപ്പോൾ 20–ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്ത് മുരിക്കുംമൂട്ടിൽ തൊമ്മൻ ജോസഫ് എന്ന വ്യക്തി തനതായി ഒരു കായൽനിലം വേമ്പനാട്ട് കായലിൽനിന്ന് നെൽക്കൃഷി ക്കുവേണ്ടി കുത്തിയെടുക്കണമെന്നുള്ള ആശയവുമായി രംഗത്തുവന്നു. എന്നാൽ അന്ന് കുട്ടനാട്ടിൽ കായൽക്കൃഷി നടത്തിയിരുന്ന പരിചയസമ്പന്നരായ പല പ്രമുഖകർഷകരും ഔതച്ചൻ എന്ന് നാട്ടുകാർ വിളിച്ചിരുന്ന അദ്ദേഹത്തെ പിന്തിരിപ്പിക്കാനാണ് ശ്രമിച്ചത്. പുതിയ ഒരു കായൽനിലം കുത്തിയെടുക്കുന്നതിനുള്ള ചെലവും അതിൽനിന്ന് കിട്ടാവുന്ന ആദായവും തമ്മിൽ തട്ടിച്ചുനോക്കുമ്പോൾ ആ പരിപാടി പൂർണപരാജയം ആയിരിക്കുമെന്നായിരുന്നു കണക്കുകൂട്ടൽ. എങ്കിലും ഔതച്ചൻ കായൽനിലം കുത്തി യെടുക്കാൻ ചിത്തിരതിരുനാൾ മഹാരാജാവിനെ സമീപിച്ച് അനുവാദം വാങ്ങി.

അങ്ങനെ 1940 ൽ മുരിക്കന്റെ ആദ്യകായലായ ചിത്തിരമംഗലം എന്ന് അറിയപ്പെടുന്ന 700 ഏക്കർ വരുന്ന കായൽനിലം കുത്തിയെടുക്കുകയും ശ്രീചിത്തിരതിരുനാൾ മഹാരാജാവ് തന്നെ നേരിട്ടുചെന്ന് ഈ കായൽ നിലത്തിൽ ആദ്യ വിത്തുവിതച്ച് നെൽക്കർഷകരെ പ്രോത്സാഹി പ്പിക്കുകയും ചെയ്തു. ആ കായലിലെ ആദ്യ കൃഷി വിജയിച്ചു. രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ നെല്ലിന്റെ വില ഒരു പറയ്ക്ക് 7 ചക്രം (കാൽരൂപ) എന്നുള്ളത് ഒന്നര രൂപ ആയി ഉയരുകയും ചെയ്തു.

ചിത്തിരമംഗലം കായലിലെ കൃഷി ആദായകരമായ അനുഭവത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് മഹാരാജാ വിന്റെ അനുവാദത്തോടെ 700 ഏക്കർ വീതം വിസ്തീർണ്ണം വരുന്ന മാർത്താണ്ഡമംഗലം, റാണിമംഗലം എന്ന രണ്ട് കായൽകൂടി മുരിക്കൻ കുത്തി എടുത്തു. ഈ കായലുകളിലെ കൃഷി ഏതാനും വർഷം വിജയകരമായി നടത്തി ലക്ഷക്കണ ക്കിന് പറ നെല്ല് ആണ്ടുതോറും ഉത്പാദിപ്പിച്ച് മുരിക്കൻ ഭക്ഷ്യോത്പാദന മേഖലയിൽ വളരെ വിലപ്പെട്ട സംഭാവന നൽകി. ശ്രീചിത്തിരതിരുനാൾ മഹാരാജാവ് പട്ടും വളയും നൽകിയും കായൽരാജൻ എന്ന ബഹുമതി നൽകിയും മുരിക്കനെ ആദരിച്ചു.

ഭൂനിയമം നടപ്പാക്കിയപ്പോൾ മുരിക്കനെ ഏറ്റവും വലിയ ജന്മിയായി മുദ്രകുത്തി അദ്ദേഹത്തിന്റെ കായലുകൾ മിച്ചഭൂമിയായി പ്രഖ്യാപിക്കുകയും ഏതാനുംവർഷം സർക്കാർ നേരിട്ട് കൃഷി നടത്തി പരാജയപ്പെടുകയും ഈ കായൽ നിലങ്ങൾ കർഷകത്തൊഴിലാളികൾക്ക് ഒരേക്കർ വീതം വീതിച്ചുകൊടുക്കുകയും ചെയ്തു.

ചിത്തിര, റാണി, മാർത്താണ്ഡം കായലുകൾ ആയിരക്കണക്കിന് കർഷകത്തൊഴിലാളികളുടെ വിയർപ്പിന്റെ ഫലമാണെന്ന് വി. എസ്. അച്യുതാനന്ദൻ പറഞ്ഞിരി ക്കുന്നത് ഭാഗികമായി ശരിയാണ്. എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും തൊഴിലാളികളുടെ പരിശ്രമം ആവശ്യ മാണല്ലോ. അതിന് അന്നന്നത്തെ നാട്ടുനടപ്പനുസരിച്ചുള്ള പ്രതിഫലം അവർക്ക് നൽകിയിരുന്നു. ആ കായലുകൾ ഉണ്ടാ ക്കാൻ നിരവധി തൊഴിലാളികൾ ജീവൻ അർപ്പിക്കേണ്ടിവന്നു എന്ന പ്രസ്താവന വസ്തുതാവിരുദ്ധമാണ്.

ചിത്തിരമംഗലം കായലിലെ തൊഴിലാളി സമരത്തിന് നേതൃത്വം കൊടുത്ത കമ്മ്യൂണിസ്റ്റ് നേതാവ് ദിവംഗതനായ കുമരകം ശങ്കുണ്ണിമേനോൻ മുരിക്കനെപ്പറ്റി ഒരു ലേഖനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എല്ലാവരുടെയും ശ്രദ്ധയിൽ വരേണ്ടതാണ്. മുരിക്കൻ പൊന്നുവിളയിച്ചിരുന്ന കായൽ നിലങ്ങൾ ആർക്കും പ്രയോജനമില്ലാതെ തകർത്തതിന് കമ്മ്യൂണിസ്റ്റുകാരും തൊഴിലാളി പ്രസ്ഥാനങ്ങളും മറുപടി പറയണമെന്നാണ് ലേഖനത്തിൽ അദ്ദേഹം പറഞ്ഞി രിക്കുന്നത്.

മുരിക്കൻ ഔതച്ചൻ ഉറച്ച ദൈവവിശ്വാസിയും സൗമ്യനും ലളിതജീവിതം നയിച്ചിരുന്ന ആളുമായിരുന്നു. തൊഴിലാളികൾക്ക് ഏതു സമയത്തും അദ്ദേഹത്തെ കണ്ട് അവരുടെ ആവശ്യങ്ങൾ നേരിട്ട് പറയുന്നതിന് യാതൊരു തടസ്സവും ഇല്ലായിരുന്നു. മുരിക്കന്റെ മരണാനന്തര അടിയ ന്തിരത്തിന് വിലയ്ക്കുവാങ്ങിയ അരിയാണ് ഉപയോഗിച്ചത്. അനേകം തൊഴിലാളികൾക്ക് തൊഴിലും ഭക്ഷണവും നൽകി ആണ്ടുതോറും ലക്ഷക്കണക്കിന് പറ നെല്ല് ഉത്പാദിപ്പിച്ചി രുന്ന വ്യക്തിയുടെ അന്ത്യകാലം എത്ര ദാരുണമായി രുന്നു എന്ന് ഓർക്കുമ്പോൾ വിഷമം തോന്നുന്നു.

## സ്വകാര്യ മേഖല പാപകരമോ

സ്വകാര്യ മേഖലയോടുള്ള അയിത്തം കേരളത്തിലെ പൊതുമനസ്സിൽ ഏറെ പതിഞ്ഞു കിടക്കുന്നതാണ്. അതിനു രാഷ്ട്രീയ സാമൂഹ്യ കാരണങ്ങൾ ഉണ്ടാകാം. എങ്കിലും ഈ ഒരു നിലപാടുകൊണ്ട് കേരളത്തിൽ സ്വകാര്യ വ്യവസായിക സംരംഭങ്ങൾ കുറവാണ്. ഫലമോ കേരളത്തിനു പുറത്തേക്ക് മലയാളികൾ തൊഴിലും വിദ്യാഭ്യാസവും തേടി പോകേണ്ടി വരുന്നു. കേരളത്തിലെ കുടുംബ സാഹചര്യങ്ങൾ തകരാനുള്ള ഒരു പ്രധാനകാരണം മാതാപിതാക്കൾ ദൂരെ ആയിരിക്കുന്ന കുടുംബ ങ്ങളാണ്. ഏതാണ്ട് 25 ലക്ഷം മലയാളികളാണ് കേരളത്തിനു പുറത്തും വിദേശത്തുമായി കഴിയുന്നത്.

സ്വകാര്യ സംരംഭങ്ങൾ എല്ലാം തന്നെ കേരളത്തിൽ തകർച്ചയിലാണ്. തൊഴിൽ രംഗത്തെ അനിശ്ചിതാവസ്ഥയും കടുത്ത രാഷ്ട്രീയ വൽക്കരണവും അതിനു കാരണമാകുന്നു. അതുകൊണ്ടു തന്നെ കേരളത്തിലെ സംരംഭങ്ങൾ ഉപേക്ഷിക്കാൻ വ്യവസായികൾ നിർബന്ധിതരാകുന്നു. കേരളത്തിന്റെ അതിർത്തി കഴിഞ്ഞ് സുരക്ഷിത മേഖലകളിലാണ് ഇപ്പോൾ കുറച്ചേറേ നാളുകളായി പുതിയ സ്വകാര്യ തൊഴിൽ സംരംഭങ്ങൾ വരുന്നത്.

പൊതുമേഖലയിൽ എല്ലാം ചെലവേറിയതാണ്. അനാവശ്യമായി ഒട്ടേറെ ഉദ്യോഗസ്ഥർ ഉണ്ടാകും. അതുകൊണ്ട് കൂടുതൽ ഫലപ്രദമായി കാര്യങ്ങൾ നീങ്ങും എന്നു കരുതരുത്. കൂടുതൽ സങ്കീർണ്ണമാകും എന്നുമാത്രം. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളായ ഇലക്ട്രിസിറ്റി ബോർഡിന്റെയും, ട്രാൻസ്പോർട്ട് കോർപ്പറേഷന്റെയും സ്ഥിതിവിശേഷം എല്ലാവർക്കും അറിയാവുന്നതാണല്ലോ. അവിടെ എല്ലാം നമ്മുടെ നികുതി പണം പാഴായി പോകയാണ്.

പൊതുമേഖല നല്കുന്ന സേവനങ്ങൾ വിലയേറിയതാണെങ്കിലും ചെലവേറിയതാണ് എന്നുകാണാം. അവിടുത്തെ സംഘടിത തൊഴിലാളികൾ ആ മേഖലയിലെ സ്വകാര്യ സംരംഭങ്ങൾക്കെതിരായി രംഗത്തു വരികയും ചെയ്യും. ഫലമോ വലിയ സംഘടിത ശക്തിയുടെ നിലപാടുകൾക്ക് കൂടുതൽ പ്രാധാന്യം ലഭിക്കുന്നു. ഇതും സ്വകാര്യ സംരംഭകരെ ഭയപ്പെടുത്തുന്നു.

സ്വകാര്യ മേഖലയെക്കുറിച്ചുള്ള ഭയപ്പാടും തെറ്റിദ്ധാരണകളും ചില പ്രത്യയശാസ്ത്രങ്ങൾക്കു വിധേയപ്പെട്ടിരിക്കുന്നവരുടെ സംഭാവനയാണ്. വിവിധ മേഖലകളിൽ സ്വകാര്യ സംരംഭകർ നല്കിയിരിക്കുന്ന സംഭാവനകൾ മനസ്സിലാക്കി പ്രോൽസാഹിപ്പിക്കാനും പിന്തുണക്കാനും കഴിയു മെങ്കിൽ കേരളം സാമ്പത്തികമായും വിദ്യാഭ്യാസ പരമായും വളരാനിടയാകും.നമ്മുടെ കുടുംബ ബന്ധങ്ങൾ ഭദ്രമാകുകയും ചെയ്യും.

JAGRATHA News

**"Jagratha News"** - An internet news service is free and for private circulation

**Web:** www.kcbcsocialharmony.org

**Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA